പൈതൃക മ്യൂസിയങ്ങൾ

64 (2697) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൈതൃക മ്യൂസിയങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ആരുടെയെല്ലാം സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയതിനു സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ 14 ജില്ലകളിലും ജില്ലാ പൈതൃക പുരാവസ്തു മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പത്തനംതിട്ട, വയനാട്, പാലക്കാട് ജില്ലകളിൽ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലെയും സവിശേഷമായ പൈതൃകത്തിന് ഊന്നൽ നൽകുകയും അതോടൊപ്പം നമ്മുടെ നാടിന്റെ പൊതുവിലുള്ള പൈതൃകം ദർശിക്കുന്നതിലേക്കും സാദ്ധ്യമാക്കുന്ന ഒരു കേന്ദ്രം എന്നതാണ് ജില്ലാ പൈതൃക പുരാവസ്തു മ്യൂസിയങ്ങളുടെ ലക്ഷ്യം.

(സി) പുരാവസ്തു വകുപ്പാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. മ്യൂസിയങ്ങളുടെ നിർമ്മാണ സജ്ജീകരണ പ്രവർത്തനങ്ങൾ മ്യൂസിയങ്ങളുടെ നോഡൽ ഏജൻസിയായ "കേരളം ചരിത്ര പൈതൃക മ്യൂസിയം" വഴിയാണ് നടപ്പിലാക്കുന്നത്. ഇതുവരെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പത്തനംതിട്ട, വയനാട്, പാലക്കാട് ജില്ലകളിൽ മ്യൂസിയം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly